**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം – വ്യാഴാഴ്ച തോറും**

## പ്രശാന്തി സന്ദേശം- ഉപാഖ്യാനം 257

# ഉണ്മയുടെ നില

## THE STATE OF ‘BEING’

**സെപ്തംബർ 5, 2024**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

### പൂട്ടിയതും തുറന്നതുമായ കണ്ണുകളുടെ അനുഭവം
### THE EXPERIENCE OF CLOSED AND OPENED EYES



എല്ലാ മനുഷ്യരും സുരക്ഷയ്ക്കായി ആഗ്രഹിക്കുന്നു. അതുകൊണ്ട് നാം നമ്മുടെ കണ്ണുകൾ മലർക്കെ തുറന്നുവച്ചുകൊണ്ട് ഓരോന്നും നിരീക്ഷിക്കുന്നു എന്തെന്നാൽ, ആവശ്യം വരികയാണെങ്കിൽ നമുക്കു ചുറ്റിനുമുള്ളവർ ഉണ്ടാവും എന്ന വിശ്വാസ ത്തിൽ നമുക്ക് സുരക്ഷിതത്വവും ആശ്വാസവും തോന്നുന്നു. (തീർച്ചയായും, ആരെങ്കിലും നമ്മുടെ രക്ഷയ്ക്കായി എത്തുമോയെന്നുള്ളത് ഒരു വിവാദ പരമായ വസ്തുതയാണെങ്കിലും). എങ്ങനെയായാ ലും, നമ്മുടെ ഇന്ദ്രിയങ്ങൾ തുറന്നിരിക്കുമ്പോൾ, പ്രകടമാക്കപ്പെടുമ്പോൾ, പ്രദർശിപ്പിക്കപ്പെടു മ്പോൾ, അത് നമുക്ക് ഒരു സുരക്ഷാ ബോധവും വിശ്വാസഭാവവും തരുന്നു. ഇതെന്തുകൊണ്ടെ ന്നാൽ, നാം നമ്മുടെ പരിസരവുമായി പരിചിതരാണ്, നമുക്ക് കേൾക്കാനും ആശയ വിനിമയം ചെയ്യാനും കഴിയും, നമുക്ക് സ്പർശബോധവും ഉണ്ട്. ഈ രീതിയിൽ, നമ്മുടെ ഇന്ദ്രിയങ്ങൾ നമ്മെ സമാശ്വസിപ്പിക്കുന്നു.

‘ഉണ്മ’യുടെ നിലയിൽ(state of ‘being’), എന്നിരുന്നാലും, നമുക്ക് നമ്മുടെ ഇന്ദ്രിയ ങ്ങൾ പിൻവലിക്കേണ്ടതായുണ്ട്. നമുക്ക് നമ്മുടെ കണ്ണുകളും കാതുകളും പൂട്ടണം എന്തെന്നാൽ, ആയിത്തീരൽ(becoming) പുറത്താണ്, ആയിരിക്കൽ(being) അകത്താ ണ്. ഒരിക്കൽ നാം നമ്മുടെ കണ്ണുകൾ പൂട്ടിയാൽ, പിന്നെ കൂരിരുട്ടാണ്. നമുക്ക്

മുമ്പിൽ പടുകുഴിയായി തോന്നുന്നു, ഒറ്റപ്പെട്ടതായി തോന്നുന്നു, ഒരു സ്വത്വമി ല്ലായ്ക(non-identity) നാം അനുഭവിക്കുന്നു.

ഇരുളിന്റെ അഗാധമായ താഴ്‌വരയിൽ, പ്രതീക്ഷയില്ല, വാഗ്ദാനങ്ങളില്ല, വിനോദങ്ങ ളൊന്നുമില്ല. അതുകൊണ്ട്, ഏറെനേരം കണ്ണടച്ചിരിക്കാൻ നാം ആഗ്രഹിക്കുന്നില്ല എന്തെന്നാൽ, നമുക്ക് ഭയവും അരക്ഷിതാബോധവും തോന്നുന്നു. നാം കണ്ണുകൾ തുറക്കുമ്പോൾ, നാം നമ്മുടെ ആ പഴയ ലോകത്തേക്ക് ഒരിക്കൽക്കൂടി മടങ്ങുന്നു, നമുക്ക് ആശ്വാസമാകുന്നു, പ്രത്യേകിച്ചും ആരെങ്കിലും നമ്മോട് സംസാരിക്കു മ്പോൾ.




*Ahamkara* (ego) envelops the *Buddhi* and has to be eliminated. *Atma* is the father of *ahamkara*, the grandfather of mind and thoughts and the great grandfather of *Vaak* (speech). *Ahamkara* comes and goes but the *Atma* is permanent.

ഈ പ്രക്രിയയിൽ, നമ്മുടെ ഈഗോ സജീവമായിരിക്കുന്നു. ആശയവിനിമയത്തി ലൂടെ ഈഗോ ഊതിവീർക്കുമ്പോൾ നമുക്ക് ആശ്വാസം തോന്നുന്നു. എന്നാൽ നാം കണ്ണുകൾ പൂട്ടുമ്പോൾ, നമ്മെ പ്രശംസിക്കാനായി ആരും തന്നെയില്ല. നാം ഒന്നും കേൾക്കാത്തപ്പോൾ, നമുക്ക് എന്തു ചെയ്യണമെന്നറിയില്ല എന്തെന്നാൽ, അഹം(“I” ness), ഈഗോ, അവിടെയില്ല. അതിനാൽ, നാം നമ്മുടെ ഇന്ദ്രിയങ്ങളിലേക്ക്, ഈ യഥാതഥലോകത്തേക്ക് തിരികെ വരുന്നതിനാഗ്രഹിക്കുന്നു.

പക്ഷേ വാസ്തവം എന്തെന്നാൽ, ഉണ്മയുടെ അവസ്ഥ കിടക്കുന്നത് ഉദാത്തമായ മൗന(sublime silence)ത്തിലാണെന്നതാണ്. ലക്ഷ്യങ്ങളുമായും ആദർശങ്ങളുമായും



അതിന് ബന്ധമൊന്നുമില്ല. ധ്യാനത്തിൽ നാം കണ്ണുകളടയ്ക്കുമ്പോൾ, പിന്നെ നാം ഒരു എഞ്ചിനീയറോ ഡോക്ടറോ പ്രഫ സറോ അല്ല. നാം ശൂന്യത, ഒരു ഒഴിവിടം, ഒരു ശൂന്യസ്ഥലം അല്ലാതെ മറ്റൊന്നുമല്ല. ഇതിനർത്ഥം ഈഗോ, അഹം, പൊയ്പോയി എന്നാണ്. നാം ഒരു അസ്തി ത്വശൂന്യത(non-entity), നമ്മുടെ സാധാരണ സ്വത്വം നഷ്ടമായവൻ ആയിത്തീരുന്നു.

ഇതിനെയാണ് നാം 'ഉദാത്തമായ മൗനം' എന്നു വിളിക്കുന്നത്, ഇവിടെ, ചെയ്യാതിരി ക്കുന്നതിലൂടെ(by not doing) നിങ്ങൾ ശരിക്കുള്ള സത്ത(real being) ആസ്വദിക്കുന്നു.

നമുക്ക് കാണണം എന്നുണ്ടെങ്കിൽ, നാം കണ്ണുകൾ തുറക്കണം. നമുക്ക് കേൾക്കണമെന്നുണ്ടെങ്കിൽ, നാം സ്വീകരണക്ഷമ(receptive)രാവണം. സ്പർശനബോധമുണ്ടാവണമെങ്കിൽ, നാം ആരെയെങ്കിലും തൊടണം. എന്നാൽ നമ്മുടെ സത്തയുടെ നില(state of being)യിൽ നാം ഒന്നും ചെയ്യേണ്ടതായില്ല. നാം നിശ്ശബ്ദരായി ഇരിക്കുന്നു, നമ്മുടെ ഇന്ദ്രിയങ്ങൾ പിൻവലിക്കുന്നു, ശാന്തരാവുന്നു.




ആരോ രമണമഹർഷിയോട് ചോദിച്ചു, ''ഭഗവൻ, മോക്ഷം നേടാനായി ഞങ്ങൾ എന്തു ചെയ്യണം?'' അവിടുന്ന് മറുപടി പറഞ്ഞു, ''ചെയ്യാതിരിക്കുക.''

ചോദ്യം ചോദിച്ച വ്യക്തി കുഴഞ്ഞു, എന്തെ ങ്കിലും മാർഗനിർദ്ദേശമാണ് അഥവാ ആവർത്തി ച്ചു ജപിക്കുന്നതിന് ഏതെങ്കിലും മന്ത്രമാണ് അയാൾ പ്രതീക്ഷിച്ചത്. നീണ്ട വഴിയത്രയും താണ്ടി ആശ്രമത്തിലേക്കു വന്നത് വെറു തെയായി എന്ന് അയാൾക്കു തോന്നി.

അപ്പോൾ, ജ്ഞാനിയായ ഒരാൾ ഈ മനുഷ്യനോടു പറഞ്ഞു, “രമണമഹർഷി താങ്കളോട് പറഞ്ഞത് ‘ഒന്നും ചെയ്യാതിരിക്കുക’ എന്നാണ് എന്തെന്നാൽ, ചെയ്യുന്നതിലൂടെ(by doing) താങ്കൾ ‘ആയിത്തീരാൻ’(to become) പോവുകയാണ്. ഒന്നും ചെയ്യാതിരിക്കുന്നതിലൂടെ, താങ്കൾ ‘സത്ത’യുടെ നിലയിലാവും. ‘സത്ത’യെന്നത് അകർമ്മ(non-doing)മാകുന്നു; ‘ആയിത്തീരലെ’ന്നത്(becoming) കർമ്മ(doing)വും. അപ്പോൾ, ‘സത്ത’യിൽ, ഇന്ദ്രിയങ്ങളെല്ലാം പിൻവലിക്കപ്പെടുമ്പോൾ, നമുക്ക് മൗനത്തിന്റെ ഉദാത്തമായ നില(sublime state of silence) അനുഭവിക്കാൻ കഴിയും.

## പൂർണ സ്വീകാര്യത ഉണ്ടായിരിക്കുന്നത്
## HAVING TOTAL ACCEPTANCE

ഈ അവസ്ഥയിൽ, നിങ്ങളുടെ കണ്ണുകളടച്ചുകൊണ്ട്, നമ്മുടെ ഇന്ദ്രിയങ്ങളെ പിൻവലിച്ച്, ഈഗോയെ നശിപ്പിച്ച്, നാം ഒരു പൂർണ സ്വീകാരത്തിന്റെ അവസ്ഥയിലേക്ക് പ്രവേശിക്കുന്നു. നാം നമ്മെത്തന്നെ അംഗീകരിക്കാൻ തയ്യാറല്ല എന്നത് ഇക്കാലത്തെ പൊതുവായ ഒരു പരാജയമാണ്. താരതമ്യം ചെയ്യാനും മത്സരിക്കാനുമുള്ള പ്രവണത നമ്മളിൽ ആഴത്തിൽ രൂഢമൂലമായിരിക്കുന്നു. നമ്മൾ ഒന്നുകിൽ അന്യരെ പ്രീതിപ്പെടുത്താൻ ശ്രമിക്കുന്നു അല്ലെങ്കിൽ നമ്മുടെ പ്രതീക്ഷകൾ നിറവേറിയില്ലെങ്കിൽ, ഉദാഹരണത്തിന് ഒരു ഇന്റർവ്യൂ പാസ്സായില്ലെങ്കിൽ, നമ്മൾ നിരാശരാവുന്നു.

സമഗ്രവും ഉപാധിരഹിതവുമായ സ്വീകാര്യത വരുന്നത് ഉദാത്തമായ നിശ്ശബ്ദതയിലാണ്, ഈഗോ അപ്രത്യക്ഷമായിരിക്കുമ്പോൾ. അപ്പോൾ, നാം ഭാഗ്യഹീനരാണെങ്കിൽക്കൂടി, എന്തുതന്നെ സംഭവിച്ചാലും അത് സ്വീകാര്യമാവുന്നു, “അതെ, ഞാനിത് സ്വീകരിക്കുന്നു. ഈ ഭാഗ്യംകെട്ട സാഹചര്യത്തിൽനിന്ന് എന്തെങ്കിലും പോസിറ്റീവായത് ഉണ്ടായേക്കാം.” നാം ശുഭാപ്തിവിശ്വാസമുള്ളവരാവുന്നു, ഇരുണ്ട രാവിനു പുറകെ തെളിഞ്ഞ പകൽ വരുമെന്ന് നാം ചിന്തിക്കുന്നു. രാവും പകലും നമുക്ക് നല്ലതാണ്. നമുക്ക് രാവിനെ ശപിക്കാനാവില്ല, അതില്ലായിരുന്നുവെങ്കിൽ, നാം എപ്പോളാണ് ഉറങ്ങുകയും വിശ്രമിക്കുകയും ചെയ്യുക? ഈശ്വരൻ നമുക്ക് രാത്രി തന്നിരിക്കുന്നത് നമുക്ക് മതിയാംവണ്ണം വിശ്രമത്തിനും ഇടവേളയ്ക്കും



ഊർജ്ജം നേടുന്നതിനും ആണ്, പിറ്റേന്നു കാലത്ത് നമുക്ക് കുറച്ചുകൂടി നന്നായി ജോലി ചെയ്യത്തക്കവിധം. അതുകൊണ്ട്, നിദ്ര ശരിയായ പ്രവൃത്തി ഉറപ്പാക്കുന്നു. പ്രവൃത്തിക്ക് വിശ്രമം ആവശ്യമാണ്, വിശ്രമം പ്രവൃത്തി ഉറപ്പാക്കുന്നു. വിശ്രമവും പ്രവൃത്തിയും ഒരുമിച്ചു പോകുന്നു, പകൽ രാവിനെ അനുഗമിക്കുന്നതുപോലെ. അതുകൊണ്ട്, നമുക്ക് സ്വീകാരം(acceptance) ഉണ്ടായിരിക്കണം.




മിക്ക ആളുകൾക്കും വാർദ്ധക്യത്തെയും മരണത്തെയും ഭയമുണ്ട്. മരണമില്ലാത്തപ്പോൾ, നമുക്ക് ജനനത്തെ വിലമതിക്കാനാവില്ല. ഒരുവൻ എന്നെന്നും ചെറുപ്പമായിരുന്നാൽ, അവൻ നിശ്ചയമായും വെറുത്തുപോകും. അതുകൊണ്ട്, ചെറുപ്പവും വാർദ്ധക്യവും ഒത്തു പോവണം.

ജീവിതത്തിന്റെ ഓരോ ഘട്ടവും ഓരോ അവസ്ഥയും അതിന്റേതായ സൗന്ദര്യം ഉള്ളതാണ്. ചെറുപ്പത്തിന് അതിന്റേതായ തിളക്കം, ആകർഷണം, മഹിമ ഉണ്ട്. പക്വത, അനുഭവം, വിവേകം, അവസരങ്ങൾ ഇവ വാർദ്ധക്യത്തിന്റെ സവിശേഷതകളാണ്. ബാല്യം നിറയെ കളികളും വിനോദവും ഒക്കെയാണ്. അപ്പോൾ, കടന്നുപോകുന്ന വർഷങ്ങളെയോർത്ത് പരിതപിക്കുന്നതിൽ കാര്യമില്ല. ഒരുവൻ സ്വച്ഛന്ദപൂർവം പ്രായമാവണം, തന്റെ അനുഭവങ്ങളും വിവേകവും മറ്റുള്ളവരുമായി പങ്കുവയ്ക്കണം.

നാം എന്താണോ അതിന്റെ സ്വീകാരം- തൊഴിലെന്തുമായിക്കൊള്ളട്ടെ, ജീവിതാവസ്ഥ എന്തുമായിക്കൊള്ളട്ടെ- മൗനത്തിന്റെ ഉദാത്തമായ അവസ്ഥയിലാണ് സാധ്യമാവുക. ഇത്തരത്തിലുള്ള സ്വീകാരം ഒരു അനുഗ്രഹമാണ്, ഈശ്വരാനുഗ്രഹം. ഭഗവാൻ നമ്മോടു സംസാരിക്കുന്നത് നിർത്തുമ്പോൾ, അതൊരു അനുഗ്രഹമാണ് എന്തെന്നാൽ, അപ്പോൾ മ്ലാനതയും ആകാംക്ഷയും കൂടുതൽ കൂടുതൽ ആവും-നാം അവിടുന്നിനെക്കുറിച്ച് അധികമധികം ഓർക്കും. എന്നാൽ അവിടുന്ന് നമ്മോടു സംസാരിക്കുകയും അഥവാ നമുക്ക് ഇന്റർവ്യൂ തരികയുമാണെങ്കിൽ, കാര്യം അവിടെ തീരും. നമ്മളത് പരസ്യപ്പെടുത്തിക്കൊണ്ടിരിക്കും എന്നതിനാൽ, നമ്മുടെ പൊങ്ങച്ചവും അഹംഭാവവും ചീർക്കും. നമ്മളോട് സംസാരിക്കാതിരിക്കുന്നതുവഴി, അവിടുന്ന് നമ്മെ അന്തർമുഖരാക്കുന്നു.

ഭഗവാൻ നമ്മെ അവഗണിക്കുന്നതായും നമ്മോട് ഒന്നും മിണ്ടാത്തതായും തോന്നിക്കുന്നത്, നമ്മെ കുറേക്കൂടി മെച്ചപ്പെട്ട അന്വേഷകരാക്കാനാണ്. ഒരു പുത്രൻ വിദേശത്ത് താമസമാക്കുംപോലെയാണ് ഇത്. നമ്മുടെയൊപ്പമുള്ള മകനേക്കാൾ കൂടുതലായി നമ്മൾ അവനെ ഓർക്കും. അതുകൊണ്ട്, ബാഹ്യമായി അകറ്റപ്പെടുന്നതിലും അവഗണിക്കപ്പെടുന്നതിലും സൗന്ദര്യമുണ്ട്.

ദിവ്യാനുരാഗം(Divine Romance) എന്നു വിളിക്കപ്പെടുന്നതിലും വശ്യതയുണ്ട്. ദിവ്യാനുരാഗം കുറേക്കൂടി നന്നായി മനസ്സിലാക്കപ്പെടുന്നത് നിശ്ശബ്ദതയിലാണ്, ഏറ്റവും വലിയ വാഗ്മിത്വമാണത്. നമ്മിൽ മിക്കവരും ഇതറിയുന്നവരാണ്. പരമ നിശ്ശബ്ദതയുടെ അവസ്ഥയിൽ ഒരുവന് വാചാലനാവാൻ കഴിയും. സ്വാമി നമ്മളോട് സംസാരിക്കാതിരിക്കുമ്പോൾ, നാം ഭാവന ചെയ്യുന്നു, "ഒരു പക്ഷേ ഞാൻ എന്തെങ്കിലും




തെറ്റു ചെയ്തിരിക്കാം. ഞാൻ എന്തെങ്കിലും പാപം ചെയ്തിരിക്കാം അഥവാ അവിടുത്തെ ഇച്ഛയ്ക്കെതിരെ പ്രവർത്തിച്ചിട്ടുണ്ടാവാം അഥവാ അനുസരണക്കേട് കാട്ടിയിട്ടുണ്ടാവാം. അതുമല്ലെങ്കിൽ, ഒരു പക്ഷേ ആരെങ്കിലും എനിക്കെതിരായി എന്തെങ്കിലും എഴുതിയിട്ടുണ്ടാവാം." നേരേ മറിച്ച്, അവിടുന്ന് നമ്മോട് സംസാരിക്കുകയാണെങ്കിൽ, കാര്യങ്ങൾ അവിടെ അവസാനിക്കുന്നു.

അതിനാൽ, ഓരോന്നിനും അതിന്റേതായ സൗന്ദര്യവും പ്രയോജനങ്ങളും പ്ലസ് പോയിന്റുകളും ഉണ്ട്, നാം ഒരു കാര്യവും വിധിയെഴുതാനോ പഴിക്കാനോ തുനിയരുത്. വിധിയെഴുത്തും പഴിക്കലും രണ്ടും വെറുക്കപ്പെടേണ്ടതാണ്. കാര്യങ്ങൾ സംഭവിക്കുന്നതുപോലെത്തന്നെ അംഗീകരിക്കാൻ നമുക്ക് കഴിയണം, ജീവിതം പൂർണ

മായും ആസ്വദിക്കണം. മൗനത്തിന്റെ ഉദാത്തമായ അവസ്ഥയിൽ സ്വീകാരം അനുഭവിക്കുന്നതിൽനിന്നുമാണ് അനുഗ്രഹം വരുന്നത്, അത് ഈശ്വരാനുഗ്രഹമായിത്തീരുന്നു.

**ഉദാത്തമായ നിശ്ശബ്ദത ബാധകൾക്കതീതമാണ്**

'ആയിത്തീരലിൽ'(becoming) സംഭവിക്കുന്നതെന്തെന്നാൽ, ഓരോന്നും ഒരു ബാധ(an obsession)യാവും. ആളുകൾ ലാഭം, നഷ്ടം, പണം ഇവയുടെ ബാധയുള്ളവരാണ്. വാസ്തവത്തിൽ, ബാധയുടെ പൊതുഘടകം പണ( money)മാണ്.

എന്നാൽ ഉദാത്ത മൗനത്തിന്റെ അവസ്ഥയിൽ, നാം ബാധയ്ക്ക് അതീതരാ(beyond




obsession)വുന്നു. അഭിമാനം, നിന്ദ, തൃപ്തി അഥവാ അതൃപ്തി എന്നീ ഭാവങ്ങൾക്ക് ഉത്തരവാദിയായ പണം, ഒരു ഘടകമേയല്ല. നമുക്ക് പണമുണ്ടെങ്കിലും ഇല്ലെങ്കിലും, നാം രണ്ടു സാഹചര്യങ്ങളും ഒരുപോലെ പരിഗണിക്കുന്നു. നമുക്കത് ഉണ്ടെങ്കിലും ഇല്ലെങ്കിലും, നാമത് സ്വീകരിക്കേണ്ടിയിരിക്കുന്നു. നാം ആവേശഭരിതരോ വിഷണ്ണരോ ആവേണ്ടതില്ല- പണം മൂലമുള്ള ഈ ബാധ(obsession)യെ നാം അതിക്രമിക്കുന്നു.

ഇതേപോലെ, ആഹാരത്തിന്റെയും ഉപവാസത്തിന്റെയും കാര്യത്തിൽ, രണ്ടിനും പൊതുഘടകമായി ആഹാരം ഉണ്ട്, രണ്ടു സാഹചര്യങ്ങളിലും അത് ഒരു ബാധയാണ്. നേരേ മറിച്ച്, ഉദാത്ത മൗനത്തിൽ, സ്വീകാരവും ആശീർവാദവുമുണ്ട്. പുട്ടപർത്തിയിലേക്ക് വരുന്ന ഭക്തർ ഇവിടെ നൽകുന്ന ഭക്ഷണം സ്വീകരിക്കുന്നു. അവർക്ക് അവരുടെ നാട്ടിലെ ടൗണിൽ കിട്ടുന്ന ഭക്ഷണം കിട്ടിയേ തീരൂ എന്നില്ല. ഇവിടെ കിട്ടുന്നതെന്തോ അതിൽ| അവർ സന്തോഷമുള്ളവരാണ്, അവർ പരാതി പറയുന്നില്ല. തനിക്ക് എന്താണോ ഇല്ലാത്തത്, അതിനെക്കുറിച്ച് ഒരുവൻ പരാതി പറഞ്ഞാൽ, അത് ഒരു ബാധ(obsession)യാണ്. എന്നാൽ അത് കൂടാതെതന്നെ ഒരുവൻ സ്വീകരിക്കുകയും മുന്നോട്ടുപോവുകയും




ചെയ്താൽ, അത് ബാധയ്ക്ക് അതീതമായ അവസ്ഥയാണ്. ഇതാണ് ഉണ്മയുടെ അവസ്ഥ(state of 'being'). നാം അതിക്രമിക്കുമ്പോൾ, ആ അവസ്ഥയെ അതീതമാ

കൽ(transcendence) എന്നാണ് വിളിക്കുക. നാം കീഴടങ്ങുന്നില്ല, നാം ഇരകളാവുന്നില്ല.

പ്രഫസർ അനിൽകുമാർ കൂടുതൽ ജ്ഞാനം അടുത്ത ലക്കത്തിൽ പകരും!
നിങ്ങളുടെ സമയത്തിന് നന്ദി,

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു –** (***Sai-Chology*** പേജ് 74-79)
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)